കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്ത് — 2010--11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 3441/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/11/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 23/12/2014-ലെ എം3- 4791/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22/06/2015-ലെ എൽ.എഫ്. 3619/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം ജൈവവളത്തിന് അധികം സബ്സിഡി നൽകിയ ഇനത്തിൽ നൽകിയ 8,000/- രൂപ (എണ്ണായിരം രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പും, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 24/07/2007-ലെ സ.ഉ (എം.എസ്) 183/2007/തസ്വഭവ ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 11/07/02008-ലെ സ.ഉ (എം.എസ്) 199/2008/തസ്വഭവ പ്രകാരം എല്ലാത്തരം വിളകൾക്കും 100% സബ്സിഡി അനുവദിക്കാമെന്ന് പരാമർശിച്ചിട്ടുള്ളതിനാലും 07/01/2004-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(7)/14-ാം നമ്പർ തീരുമാനം, കൃഷി ഓഫീസറുടെ വിശദീകരണം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/01/2014-ലെ 25-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

.......2

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും 07/10/2014-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം, കൃഷി ഓഫീസറുടെ വിശദീകരണം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/10/2015-ലെ 25-ാം നമ്പർ തീരുമാനം, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 8,000/- (എണ്ണായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.വിജയൻ
**ഡെപ്യൂട്ടി സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ